**കേരളാ സ്റ്റേറ്റ് ഹാന്റ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്**
**നമ്പർ- H 232, തിരുവനന്തപുരം**

**28/01/2013 തിങ്കളാഴ്ച രാവിലെ 11 മണിയ്ക്ക് ഹാന്റക്സിന്റെ കൈത്തറി ഭവനിൽ വച്ച് കൂടിയ ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ്.**

ഹാജർ

| | | |
|---|---|---|
| 1. ശ്രീ.പെരിങ്ങമ്മല വിജയൻ | - | പ്രസിഡന്റ് |
| 2. ശ്രീ.സി.മാധവൻ | - | വൈസ് പ്രസിഡന്റ് |
| 3. ശ്രീ. എസ്. അബ്ദുൾ ഹലീം | - | മാനേജിംഗ് ഡയറക്ടർ |
| 4. ശ്രീ. സാം. സി. ഇട്ടിച്ചെറിയ | - | കൈത്തറി വകുപ്പ് ഡയറക്ടർ |
| 5. ശ്രീ.എസ്.വിജയകുമാർ(ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്) | - | സർക്കാർ നോമിനി |
| 6. ശ്രീ. കെ.എം. സൂപ്പി (എക്സ്.എം.എൽ.എ) | - | സർക്കാർ നോമിനി |
| 7. ശ്രീ.കെ.എസ്. രാജഗോപാൽ (ജോയിന്റ്സെക്രട്ടറി, വ്യവസായ വകുപ്പ്) | - | സർക്കാർ നോമിനി |
| 8. ശ്രീ. കെ.കെ. രവീന്ദ്രൻപിള്ള | - | ഭരണസമിതി അംഗം |
| 9. ശ്രീ. എൻ. അനിരുദ്ധൻ | - | ,, |
| 10. ശ്രീ. പി.കെ. ഗോപാലൻ | - | ,, |
| 11. ശ്രീ. എസ്. ഭക്തവത്സലൻ | - | ,, |
| 12. ശ്രീ. ടി. വി. ബാലകൃഷ്ണൻ | - | ,, |
| 13. ശ്രീ. ജി. വിജയൻ | - | ,, |
| 14. ശ്രീ. ഡി. സുധാകരൻ | - | ,, |
| 15. ശ്രീ. സി. ബാലൻ | - | ,, |
| 16. ശ്രീ. ഡി. ബാഹുലേയൻ | - | ,, |
| 17. ശ്രീമതി. പി.ഓമന | - | ,, |

**തീരുമാനങ്ങൾ**

1. 01/12/2012-ൽ കൂടിയ ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ് റിക്കാർഡ് ചെയ്യുന്നത് സംബന്ധിച്ച്.

റിക്കാർഡ് ചെയ്തു.

1(a) **17/1/2013 ലെ G.O.(Rt) No.81/2013/ID നമ്പർ ഗവൺമെന്റ് ഉത്തരവുപ്രകാരം ഹാന്റക്സിലെ ഭരണസമിതിയിൽ ഗവൺമെന്റ് നോമിനിയായി ശ്രീ. കെ.എസ്. രാജഗോപാലിനെ (ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്) നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റിക്കാർഡ് ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീ. കെ.എസ്. രാജഗോപാലിനെ (ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്) നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റിക്കാർഡ് ചെയ്തു.

2. **04/01/2012-ൽ കൂടിയ ഭരണനിർവ്വാഹകസമിതി യോഗത്തിന്റെ മിനിറ്റ്സ് റിക്കാർഡ് ചെയ്യുന്നത് സംബന്ധിച്ച്.**

റിക്കാർഡ് ചെയ്തു.

3. **2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ വരവു ചെലവു കണക്കുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

2012 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിന് ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**സബ്കമ്മിറ്റി അംഗങ്ങൾ**

ശ്രീ. സി.മാധവൻ (വൈസ് പ്രസിഡന്റ്) - കൺവീനർ
ശ്രീ.പി.കെ.ഗോപാലൻ (ഭരണസമിതി അംഗം)
ശ്രീ. സി. ബാലൻ (ഭരണസമിതി അംഗം).

4. **ശ്രീ. കെ. ബി. കാളിദാസ് എൽ.ഡി.സി യ്ക്ക് അവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.**

ശ്രീ. കെ. ബി. കാളിദാസിന് 22/2/2013 മുതൽ 2 വർഷക്കാലത്തേയ്ക്ക് ശമ്പളരഹിത അവധി അനുവദിയ്ക്കാൻ തീരുമാനിച്ചു.

5. **സംഘം ജീവനക്കാർക്ക് 2013 കലണ്ടർ വർഷത്തേക്ക് അനുവദിക്കേണ്ട അവധി ദിവസങ്ങളെ സംബന്ധിച്ച്.**

2013 കലണ്ടർ വർഷത്തേക്ക് ഹാന്റക്സ് ജീവനക്കാർക്ക് അനുവദിക്കേണ്ട അവധി ദിവസങ്ങളുടെ ലിസ്റ്റ് അംഗീകരിച്ചു.

| | തിയതി | ആഴ്ച | വിശേഷദിവസങ്ങൾ |
|---|---|---|---|
| 1. | 25.1.2013 | വെള്ളി | നബിദിനം |
| 2. | 26.1.2013 | ശനി | റിപ്പബ്ലിക് ദിനം |
| 3. | 28.3.2013 | വ്യാഴം | പെസഹാ വ്യാഴം |
| 4. | 29.3.2013 | വെള്ളി | ദുഃഖവെള്ളി |
| 5. | 1.5.2013 | ബുധൻ | മെയ്ദിനം |

| | | | |
|---|---|---|---|
| 6. | 6.8.2013 | ചൊവ്വ | കർക്കിടക വാവ് |
| 7. | 9.82013 | വെള്ളി | റംസാൻ |
| 8. | 15.8.2013 | വ്യാഴം | സ്വാതന്ത്ര്യദിനം |
| 9. | 22.8.2013 | വ്യാഴം | ശ്രീനാരായണഗുരു ജയന്തി |
| 10. | 28.8.2013 | ബുധൻ | ശ്രീകൃഷ്ണജയന്തി |
| 11. | 16.9.2013 | തിങ്കൾ | തിരുവോണം |
| 12. | 17.92013 | ചൊവ്വ | മൂന്നാം ഓണം |
| 13. | 18.9.2013 | ബുധൻ | നാലാം ഓണം |
| 14. | 21.9.2013 | ശനി | ശ്രീനാരായണഗുരു സമാധിദിനം |
| 15. | 2.10.2013 | ബുധൻ | ഗാന്ധിജയന്തി |
| 16. | 14.10.2012 | തിങ്കൾ | വിജയദശമി |
| 17. | 16.10.2013 | ബുധൻ | ബക്രീദ് |
| 18. | 2.11.2013 | ശനി | ദീപാവലി |
| 19. | 14.11.2013 | വ്യാഴം | മുഹറം |
| 20. | 25.12.2013 | ബുധൻ | ക്രിസ്മസ് |
| **ഭാഗികമായ അവധി ദിവസങ്ങൾ** | | | |
| 1. | 26.2.2013 | ചൊവ്വ | ആറ്റുകാൽ പൊങ്കാല (തിരുവനന്തപുരം) |
| 2. | 27.3.2013 | ബുധൻ | തിരുവനന്തപുരത്ത് ആറാട്ട് (അന്ന് ഉച്ചയ്ക്ക് 3 മണിക്കു ശേഷം അവധി) |

**<u>പാറ്റേൺ വിവിംഗ് ഫാക്ടറി, കണ്ണൂർ</u>**

| | **തിയതി** | **ആഴ്ച** | **വിശേഷദിവസങ്ങൾ** |
|---|---|---|---|
| 1 | 26.1.2013 | ശനി | റിപ്പബ്ലിക് ദിനം |
| 2. | 13/04/2013 | ശനി | വിഷു |
| 3 | 1/5/2013 | ബുധൻ | മെയ്ദിനം |
| 4 | 6/8/2013 | ചൊവ്വ | കർക്കിടകവാവ് |
| 5 | 9/8/2013 | വെള്ളി | ഈദ് - ഉൾ- ഫിത്തർ |
| 6 | 15/8/2013 | വ്യാഴം | സ്വാതന്ത്ര്യദിനം |
| 7 | 16/9/2013 | തിങ്കൾ | തിരുവോണം |
| 8 | 17/9/2013 | ചൊവ്വ | മൂന്നാം ഓണം |
| 9 | 18/9/2013 | ബുധൻ | നാലാം ഓണം |
| 10 | 2/10/2013 | ബുധൻ | ഗാന്ധിജയന്തി |

| | | | |
|---|---|---|---|
| 11 | 14/10/2013 | തിങ്കൾ | വിജയദശമി |
| 12 | 16/10/2013 | ബുധൻ | ബക്രീദ് |
| 13 | 25/12/2013 | ബുധൻ | ക്രിസ്മസ് |

## ഹാന്റക്സ് പ്രോസസ്സ് ഹൗസ്, പാപ്പനംകോട്/ ബാലരാമപുരം

| | തിയതി | ആഴ്ച | വിശേഷദിവസങ്ങൾ |
|---|---|---|---|
| 1 | 26.1.2013 | ശനി | റിപ്പബ്ലിക് ദിനം |
| 2 | 26/2/2013 | ചൊവ്വ | ആറ്റുകാൽ പൊങ്കാല |
| 3 | 1/5/2013 | ബുധൻ | മെയ്ദിനം |
| 4 | 6/8/2013 | ചൊവ്വ | കർക്കിടകവാവ് |
| 5 | 15/8/2013 | വ്യാഴം | സ്വാതന്ത്ര്യദിനം |
| 6 | 16/9/2013 | തിങ്കൾ | തിരുവോണം |
| 7 | 17/9/2013 | ചൊവ്വ | മൂന്നാം ഓണം |
| 8 | 21/9/2013 | ശനി | ശ്രീനാരായണഗുരു സമാധി |
| 9 | 2/10/2013 | ബുധൻ | ഗാന്ധിജയന്തി |
| 10 | 14/10/2013 | തിങ്കൾ | വിജയദശമി |
| 11 | 16/10/2013 | ബുധൻ | ബക്രീദ് |
| 12 | 2/11/2013 | ശനി | ദീപാവലി |
| 13 | 25/12/2013 | ബുധൻ | ക്രിസ്മസ് |

## ഗാർമെന്റ് യൂണിറ്റ്, തിരുവനന്തപുരം

| | തിയതി | ആഴ്ച | വിശേഷദിവസങ്ങൾ |
|---|---|---|---|
| 1 | 26/1/2013 | ശനി | റിപ്പബ്ലിക് ദിനം |
| 2 | 26/2/2013 | ചൊവ്വ | ആറ്റുകാൽ പൊങ്കാല |
| 3 | 1/5/2013 | ബുധൻ | മെയ്ദിനം |
| 4 | 9/8/2013 | വെള്ളി | റംസാൻ |
| 5 | 15/8/2013 | വ്യാഴം | സ്വാതന്ത്ര്യദിനം |
| 6 | 16/9/2013 | തിങ്കൾ | തിരുവോണം |
| 7 | 17/9/2013 | ചൊവ്വ | മൂന്നാം ഓണം |
| 8 | 18/9/2013 | ബുധൻ | നാലാം ഓണം |
| 9 | 2/10/2013 | ബുധൻ | ഗാന്ധിജയന്തി |

| | | | |
|---|---|---|---|
| 10 | 14/10/2013 | തിങ്കൾ | വിജയദശമി |
| 11 | 16/10/2013 | ബുധൻ | ബക്രീദ് |
| 12 | 2/11/2013 | ശനി | ദീപാവലി |
| 13 | 25/12/2013 | ബുധൻ | ക്രിസ്മസ് |

**എച്ച്.ഒ.വീവറി, തിരുവനന്തപുരം**

| | തിയതി | ആഴ്ച | വിശേഷദിവസങ്ങൾ |
|---|---|---|---|
| 1 | 26.1.2013 | ശനി | റിപ്പബ്ലിക് ദിനം |
| 2 | 26/2/2013 | ചൊവ്വ | ആറ്റുകാൽ പൊങ്കാല |
| 3 | 1/5/2013 | ബുധൻ | മെയ്ദിനം |
| 4 | 6/8/2013 | ചൊവ്വ | കർക്കിടകവാവ് |
| 5 | 15/8/2013 | വ്യാഴം | സ്വാതന്ത്ര്യദിനം |
| 6 | 22/8/2013 | വ്യാഴം | ശ്രീ നാരായണഗുരു ജയന്തി |
| 7 | 16/9/2013 | തിങ്കൾ | തിരുവോണം |
| 8 | 17/9/2013 | ചൊവ്വ | മൂന്നാം ഓണം |
| 9 | 18/9/2013 | ബുധൻ | നാലാം ഓണം |
| 10 | 2/10/2013 | ബുധൻ | ഗാന്ധിജയന്തി |
| 11 | 14/10/2013 | തിങ്കൾ | വിജയദശമി |
| 12 | 2/11/2013 | ശനി | ദീപാവലി |
| 13 | 25/12/2013 | ബുധൻ | ക്രിസ്മസ് |

6. **ദേശാഭിമാനി ദിനപ്പത്രത്തിന്റെ കൊല്ലം ബ്യൂറോ പ്രവർത്തിക്കുന്ന ഹാന്റക് സിന്റെ കൊല്ലം മേഖലാ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നില ഒഴിപ്പിക്കുന്നത് സംബന്ധിച്ച്**

ദേശാഭിമാനി ദിനപ്പത്രത്തിന്റെ കൊല്ലം ബ്യൂറോ പ്രവർത്തിക്കുന്ന ഹാന്റക്സിന്റെ കൊല്ലം മേഖലാ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നില ഒഴിപ്പിക്കുന്നത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ റീജിയണൽ മാനജരെ ചുമതലപ്പെടുത്തി.

7. **സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലെ വിഹിതം തിരികെ വാങ്ങിക്കുന്നത് സംബന്ധിച്ച്.**

സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി. കെ.ശോഭനകുമാരി അമ്മ (ഹെഡ്ഓഫീസ് 11/12), ശ്രീമതി. കെ.രാധമ്മ (ഹെഡ്ഓഫീസ് 11/12), ശ്രീ. കെ. ബാബു (കൊല്ലം 11/12), ശ്രീമതി. വി.സുധർമ്മ (കൊല്ലം 11/12), ശ്രീമതി. ജയാഫിലിപ്പ് (എറണാകുളം 11/12), ശ്രീമതി. പി.എസ്. ഗിരിജ (പാലക്കാട് 11/12), ശ്രീ. പി. രാജൻ (കോഴിക്കോട് 10/12), ശ്രീമതി. പി.

വി. ജാനകി (കോഴിക്കോട് 11/12) ശ്രീ. പി. രവീന്ദ്രൻ (കോഴിക്കോട് 11/12) എന്നീ ജീവനക്കാരുടെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള വിഹിതം തിരികെ വാങ്ങിക്കുന്നതിനുവേണ്ടി താഴെ സൂചിപ്പിക്കുന്ന രീതിയിൽ എടുത്ത റെസല്യൂഷൻ അംഗീകരിച്ചു.

"Resolved to request the Addl. Registrar/ Secretary –Treasurer, Kerala State Co-operative Employees Welfare Board to refund the contribution of below mentioned ex- employees.

| | | |
|---|---|---|
| 1. | Smt. K. Sobhanakumari Amma HWCS- 128 | Rs. 15700/- |
| 2. | Smt. K. Radhamma HWCS- 188 | Rs. 15700/- |
| 3. | Sri.K. Babu HWCS 197 | Rs. 15700/- |
| 4. | Smt. V. Sudharma HWCS- 236 | Rs. 15600/- |
| 5. | Smt. Jaya Philip HWCS 264 | Rs. 15700/- |
| 6. | Smt. P.S. Girija HWCS 347 | Rs. 15700/- |
| 7. | Sri. P. Rajan HWCS 390 | Rs. 15580/- |
| 8. | Smt. P.V. Janaki HWCS 394 | Rs. 15700/- |
| 9. | Sri. P. Raveendran HWCS 427 | Rs. 15700/-". |

8. **റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾക്ക് ക്രിസ്മസ് പ്രമാണിച്ച് 20% കിഴിവ് അനുവദിക്കുന്നത് സംബന്ധിച്ച്.**

ഗാർമെന്റ്സ് ഉൽപ്പന്നങ്ങൾക്ക് മുൻവർഷങ്ങളിലും 20% കിഴിവ് അനുവദിച്ചിട്ടുണ്ട്. ഈ വർഷവും ബഹു: പ്രസിഡന്റിന്റെ നിർദ്ദേശ പ്രകാരം ക്രിസ്മസ് റിബേറ്റ് കാലയളവിൽ (20.12.2012 മുതൽ 24.12.2012 വരെ) 20% കിഴിവ് നൽകുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. ടി നടപടി അംഗീകരിച്ചു.

9. **എറണാകുളം മേഖലയിലെ അടൂർ ഡിപ്പോയുടെ വാടകവർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

എറണാകുളം മേഖലയിലെ അടൂർ ഡിപ്പോ നല്ല വിൽപ്പനയുള്ള ഡിപ്പോ ആയതുകൊണ്ടും, പ്രതിമാസ വാടക 10% വർദ്ധനവ് എന്നത് ഒരു ന്യായമായ ആവശ്യമായതുകൊണ്ടും ഈ വർദ്ധനവ് അംഗീകരിക്കണമെന്ന് മേഖലാ മാനേജർ ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ അടൂർ ഡിപ്പോയുടെ വാടക 10% വർദ്ധനവ് നടത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ചു.

10. **ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.**

സംഘത്തിലെ ജോയിന്റ് ഡയറക്ടറുടെ കാലാവധി 29/3/2013-ൽ അവസാനിക്കുകയാണ്. പ്രസ്തുത സേവനം തുടർന്നും സംഘത്തിന് ആവശ്യമായതിനാൽ കാലാവധി തീരുന്നതിന് മൂന്നു മാസം മുമ്പ്

ഭരണസമിതി തീരുമാനം കൈകൊണ്ട് 30/3/2013 മുതൽ ഒരു വർഷത്തേയ്ക്കുകൂടി തുടർച്ചാനുമതിയ്ക്കായി സഹകരണസംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

ആയതിനാൽ ഹാന്റക്സിലെ ജോയിന്റ് ഡയറക്ടറുടെ കാലാവധി 30/3/2013 മുതൽ ഒരു വർഷത്തേയ്ക്കു കൂടി നീട്ടുന്നത് സംബന്ധിച്ച എടുത്ത റസല്യൂഷൻ അംഗീകരിച്ചു

"Resolved to request to the Government through the Registrar of Co-operative societies to place the services of the Joint Director of co-operative societies for a period of one year from 30/3/2013 for the Concurrent Audit of account of the society subject to the conditions that, the society will pay to the Government, the full cost of the officer as contemplated in Rule156 part I KSR. The society agrees to pay the cost covered by medical educational and other concessions admissible to the officer in accordance with the orders in force from time to time and also to remit the cost in advance as required by the Government".

11. <u>സീനിയർ ആഡിറ്റർ നമ്പർ II ന്റെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.</u>

സീനിയർ ആഡിറ്റർ നമ്പർ II ന്റെ കാലാവധി 27/4/2013 ൽ അവസാനിക്കുകയാണ്. പ്രസ്തുത ആഡിറ്ററുടെ സേവനം തുടർന്നും സംഘത്തിന് ആവശ്യമായതിനാൽ 28/4/2013 മുതൽ ഒരു വർഷത്തേയ്ക്കു കൂടി കാലാവധി ദീർഘിപ്പിക്കുന്നതിന് സഹകരണ ആഡിറ്റർ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിലേയ്ക്ക് താഴെപ്പറയും വിധം എടുത്ത റസല്യൂഷൻ അംഗീകരിച്ചു.

" Resolved to apply to the Director of Co-operative Audit, Thiruvananthapuram through the Joint Director of Co-operative Audit to place at the disposal of the Kerala State Handloom Weavers Co-operative Society Ltd, the full service of senior Auditor II of Co-operative Societies for a period of one year from 28/4/2013 for the Audit of account of the society subject to the conditions that, the society will pay to the Government the full cost of the officer as contemplated in Rule 156 part I KSR. The Society agrees to pay the cost covered by medical educational and other concessions admissible to the officer in accordance with the orders in force from time to time and also be remit the cost in advance as required by the Government".

12. <u>15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ വിൽക്കുന്നതിലേയ്ക്കുള്ള തീരുമാനം സംബന്ധിച്ച്.</u>

കെ.സി.റ്റി.5226-25 വർഷം പഴക്കമുള്ള TATA 407 (Goods Vehicle ), KL 01 –H 6670 പതിനേഴ് കൊല്ലം പഴക്കമുള്ള TATA 407 (Goods Vehicle) വാഹനങ്ങളാണ്. ബോർഡ് നോട്ടിൽ KL 01 –H 6670 എന്ന വാഹന നമ്പർ KL 01–H 7789 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നത്

തിരുത്തൽ വരുത്തുകയും, ഈ വാഹനങ്ങൾനിയമ നടപടികൾ സ്വീകരിച്ച് ലേലം ചെയ്ത് വിൽക്കാനും പകരം ക്ലസ്റ്റർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് പണം ഉപയോഗിച്ച് TATA 407, Eacher എന്നീ രണ്ടു വാഹനങ്ങൾ വാങ്ങാൻ രജിസ്ട്രാറുടെ അനുവാദം വാങ്ങാനും ആയതിന് പ്രസിഡന്റിനേയും, മാനേജിംഗ് ഡയറക്ടറേയും ചുമതലപ്പെടുത്തി.

13. <u>എറണാകുളം മേഖല - ഹാന്റക്സ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കടമുറിയുടെ വാടക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.</u>

എറണാകുളം മേഖലയിൽ ഹാന്റക്സ് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കടമുറിയുടെ വാടക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്കായി എറണാകുളം റീജിയണൽ മാനേജർ വാടകക്കാരനായ ശ്രീ. ടി. എൻ. തോമസുമായി സംസാരിച്ച് താഴെപറയുന്ന ധാരണകളിൽ എത്തിയിട്ടുണ്ട്.

1. 2007 മുതൽ വാടക വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ 2011 ഏപ്രിൽ മുതൽ 20% വർദ്ധനവോടെ 3000/- രൂപയാക്കി പുതുക്കി നിശ്ചയിച്ച് ഓരോ വർഷവും 5% വർദ്ധനവ് വരുത്തി 11 മാസത്തേയ്ക്ക് പുതിയ കരാറിൽ ഏർപ്പെടുക.
2. പുതിയ എഗ്രിമെന്റിൽ അഡ്വാൻസ് ആയി 5000/- രൂപ നൽകേണ്ടതാണ്.

ടി വ്യവസ്ഥകളിൽ എഗ്രിമെന്റിൽ ഏർപ്പെടുവാൻ തീരുമാനിച്ചു.

14. **<u>2011-12 വർഷ ആഡിറ്റിൽ കണ്ട ന്യൂനതകളും അതിന് ഹാന്റക്സ് തയ്യാറാക്കിയ മറുപടിയും ഭരണസമിതിയുടെ മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്.</u>**

2011-12 വർഷ ആഡിറ്റിൽ കണ്ട ന്യൂനതകളും അതിന് ഹാന്റക്സ് തയ്യാറാക്കിയ മറുപടി അംഗീകരിച്ചു.

15. **<u>ഇതരവിഷയങ്ങൾ</u>**

15(1). **<u>1.07.2012 മുതൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത ഹാന്റക്സ് ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച്.</u>**

1.07.2012 മുതൽ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 12% ക്ഷാമബത്ത ഹാന്റക്സ് ജീവനക്കാർക്കും അനുവദിക്കുന്നതിനുള്ള ഭരണനിർവ്വാഹകസമിതിയുടെ തീരുമാനം അംഗീകരിച്ചു.

15(1).**a** <u>ഹാൻടെക്സിലെ ജീവനക്കാരുടെ വിവിധ യൂണിയനുകൾ ഉന്നയിച്ച ഡിമാന്റുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.</u>

ഹാൻടെക്സിലെ ജീവനക്കാരുടെ വിവിധ യൂണിയനുകൾ ഉന്നയിച്ച ഡിമാന്റുകൾ അംഗീകരിക്കുന്ന വിഷയം ചർച്ച ചെയ്തു സാമ്പത്തിക പ്രശ്നമുള്ളതുകൊണ്ട് തൽക്കാലം മാറ്റി വച്ചു.

**15(2). കോഴിക്കോട് മേഖലയിലെ മഞ്ചേരി ഡിപ്പോയുടെ വാടക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

കോഴിക്കോട് മേഖലയിലെ മഞ്ചേരി ഡിപ്പോയുടെ വാടകയിൽ 10% വർദ്ധനവ് നടത്താൻ അംഗീകരിച്ചു.

**15(3). 2013-14 വർഷത്തേയ്ക്കുള്ള സ്കൂൾ യൂണിഫോം വിതരണം സംബന്ധിച്ച്.**

2013-14 വർഷത്തേയ്ക്കുള്ള സ്കൂൾ യൂണിഫോം വിതരണം സംബന്ധിച്ച വിഷയം അടുത്ത ഭരണസമിതിയിൽ സമർപ്പിക്കുന്നതിന് മാറ്റിവച്ചു.

**15(4). സംഘം സർവ്വീസിൽ നിന്ന് പുറത്താക്കിയ ശ്രീ. സോമശേഖരപിള്ളയ്ക്ക് ബാക്ക് വേജസ്സും, കോമ്പൻസേഷനും നൽകുന്നതുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച്.**

സംഘം സർവ്വീസിൽ നിന്ന് 26/10/1998 തീയതിയിൽ പുറത്താക്കിയ ശ്രീ. സോമശേഖരപിള്ള ബഹു: എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷൻ കോടതി, കോട്ടയത്തിൽ 1/89 ആയി നൽകിയ കേസിന്മേൽ ബാക്ക് വേജസ്സായി 2,50,000/- രൂപയും, നഷ്ടപരിഹാരത്തുകയായി 2,55,000/- രൂപയും നൽകാത്ത പക്ഷം അടിയന്തിരമായി റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്നും ലേബർ കമ്മീഷണർ, കോട്ടയം അറിയിച്ചിരിക്കുന്നു.

ഈ കേസിനെതിര ബഹു: ഹൈക്കോടതിയിൽ മുൻ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ. ചന്ദ്രമോഹൻദാസ് മുഖേന അപ്പീൽ നൽകിയിരുന്നു. ഈ കേസിന്മേൽ ബഹു: ഹൈക്കോടതിയിൽ 10/10/2011 തീയതിയിൽ ഹാന്റക്സിനുവേണ്ടി വക്കീൽ ഹാജരാകാത്തത് മൂലം കേസ് തള്ളുകയാണുണ്ടായത്. ഹാന്റക്സിന്റെ നിലവിലെ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ. രാമൻകർത്തയെ ഹിയറിംഗ് അറിയിക്കാത്തതിനാലാണ് ഇത്തരത്തിൽ കേസ് തള്ളപ്പെട്ടത്.

ഹാന്റക്സിന്റെ സ്റ്റാൻഡിംഗ് കൗൺസലിനെ 2010 ൽ മാറ്റിയിട്ടുള്ളതിനാലും ടി കേസ് പരിഗണിച്ചപ്പോൾ നിലവിലെ സ്റ്റാൻഡിംഗ് കൗൺസലിന് വിവരം ലഭിക്കാത്തത് മൂലമാണ് ഹാന്റക്സിന്റെ ഭാഗം വാദിക്കാൻ കഴിയാതെ പോയതെന്ന് കാണിച്ചുകൊണ്ട് റിസ്റ്റോറേഷൻ പെറ്റീഷൻ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയം റിക്കാർഡ് ചെയ്തു.

**15(5). സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ വഴി ക്രഡിറ്റ്കാർഡ് സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ഹാന്റക്സിന്റെ ഡിപ്പോകളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ വഴി ക്രഡിറ്റ്കാർഡ് സമ്പ്രദായം നടപ്പിലാക്കണമെന്ന് താൽപര്യപ്പെടുന്നതായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ അറിയിച്ചിരിക്കുന്നു (Lr.No.Nil dt.27.12.2012).

എസ്.ബി.ഐ യുടെ സർവ്വീസ് ചാർജ്ജ് 1.5% ആണ്. നിലവിൽ എച്ച്.ഡി. എഫ്.സി, ആക്സിസ് ബാങ്ക് എന്നിവ വഴി ക്രഡിറ്റ് കാർഡ് സമ്പ്രദായം ഹാന്റക് സിൽ ഫോൺ കണക്ഷനുള്ള ഡിപ്പോകളിൽ നടപ്പാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ റേറ്റ് ആക്സിസ് ബാങ്കിലാണ് (1.4%) എന്നിരുന്നാലും ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ലാത്ത തിരുവനന്തപുരം കിഴക്കേക്കോട്ട എംപോറിയം, കോഴിക്കോട് ഷോറൂം, പാലക്കാട് എക്സ്ക്ലൂസീവ് ഷോറൂം എന്നിവിടങ്ങളിൽ എസ്.ബി. ഐ വഴി നടപ്പാക്കാവുന്നതാണെന്നുള്ള തീരുമാനം അംഗീകരിച്ചു.

15(6). കൊല്ലം മേഖലയുടെ നിയന്ത്രണത്തിലുള്ള അഞ്ചൽ ഡിപ്പോയുടെ എഗ്രിമെന്റ് പുതുക്കുന്നത് സംബന്ധിച്ച്.

28/9/2012 ലെ ഭരണസമിതിയോഗ തീരുമാനം നമ്പർ.9 പ്രകാരം 1/7/2012 മുതൽ 30/6/2017 വരെ വാടകകരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി അറിയിച്ചിരിക്കുന്നത് 2013 മാർച്ച് 31 വരെ മാത്രമേ എഗ്രിമെന്റ് പുതുക്കുന്നതിന് നിർവ്വാഹമുള്ളൂ എന്നാണ് ആർബി.സി തീരുമാനം 8(1) പ്രകാരം അഞ്ചൽ ഡിപ്പോയുടെ വാടക നിലവിലുള്ള വാടകയായ 2,879/- രൂപയിൽ നിന്നും 5% വർദ്ധിപ്പിച്ച് 3,027/- രൂപാ ക്രമത്തിൽ 1/7/2012 മുതൽ 31/3/2013 വരെയുള്ള കാലയളവിൽ നൽകാനും എഗ്രിമെന്റ് ഏർപ്പെടാനും തീരുമാനിച്ചിരുന്നു. 31/3/2013 വരെ വാടക കരാറിൽ ഏർപ്പെടുന്നതിന് മേഖലാ മാനേജരെ അറിയിച്ചിട്ടുണ്ട്. ടി വിഷയം അംഗീകരിച്ചു.

15(7). 27/09/2012 വ്യാഴാഴ്ച രാവിലെ 11 മണിയ്ക്ക് ഹാന്റക്സിന്റെ കൈത്തറിഭവനിൽ വച്ച് കൂടിയ ഭരണ നിർവ്വാഹകസമിതി യോഗമിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

അംഗീകരിച്ചു.

15(8). 1/12/2012 -ലെ ഭരണസമിതിയോഗ തീരുമാനം നമ്പർ 17(11) തിരുത്തൽ സംബന്ധിച്ച്.

7.11.2012-ലെ ഓർഡർ നമ്പർ ജി.കെ.എസ്.എഫ്/എൽ/4799/2012 നമ്പർ പ്രകാരം 18X27-5000 @ Rs 60/- 23X46 - 5000 @ Rs 110 എന്ന് തീരുമാനം എടുക്കേണ്ടതിനുപകരം 23 X 46 = 500 എന്നത് തെറ്റായി രേഖപ്പെടുത്തിയത് തിരുത്തൽ അംഗീകരിച്ചു.

15(9). ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനു വേണ്ടി ടെറി ടൗവ്വൽ വിതരണം ചെയ്തത് സംബന്ധിച്ച്.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനു വേണ്ടി 16000 ടെറി ടൗവ്വൽ വിതരണം ചെയ്തതും, പ്രസ്തുത വിനിമയത്തിന്റെ വരവ് ചെലവ് കണക്കുകളും അതിന് സ്വീകരിച്ച നടപടിക്രമങ്ങളും പരിശോധിച്ച് അംഗീകരിച്ചു.

15(10). എൽ.ജി.ഇ തസ്തികയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

എൽ.ജി.ഇ തസ്തികയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം മാറ്റിവച്ചു.

**15(11). ദേശാഭിമാനിപത്രത്തിൽ ഹാൻ്റക്സിനെപ്പറ്റി വന്ന വാർത്തയും, ബഹു: പ്രസിഡൻ്റിൻ്റെ വാർത്താക്കുറിപ്പിനേയും സംബന്ധിച്ച് ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്ന നോട്ട്.**

ദേശാഭിമാനിപത്രത്തിൽ ഹാൻ്റക്സ് തുണി സംഭരണത്തെ സംബന്ധിച്ച് വന്ന വാർത്തകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**സബ്കമ്മിറ്റി അംഗങ്ങൾ**

ശ്രീ. കെ.എം. സൂപ്പി (സർക്കാർ നോമിനി) - കൺവീനർ
ശ്രീ. റ്റി.വി. ബാലകൃഷ്ണൻ (ഭരണസമിതി അംഗം)
ശ്രീ. കെ.കെ. രവീന്ദ്രൻപിള്ള (ഭരണസമിതി അംഗം).

**15(12). ചെന്നൈയിൽ നടക്കുന്ന "India International Hand Wovenfair" – ൽ ഹാൻ്റക്സ് പങ്കെടുക്കുന്നത് സംബന്ധിച്ച്.**

ചെന്നൈയിൽ നടക്കുന്ന "India International Hand Wovenfair" – ൽ ഹാൻ്റക്സ് പങ്കെടുക്കാൻ തീരുമാനിച്ചു.

**15(13). ടെക്നിക്കൽ സൂപ്പർ വൈസർമാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്.**

നിലവിലുള്ള ഒഴിവുകളിലേയ്ക്ക് 5 ടെക്നിക്കൽ സൂപ്പർവൈസർമാരെ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് വഴി നിയമിക്കാനും, ഒഴിവുകൾ പി. എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു. ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ ചുമതലപ്പെടുത്തി.

**15(14). കോഴിക്കോട് മേഖലയിലെ സെയിൽസ്മാനായ ശ്രീ. കെ.സുലൈമാൻ കുട്ടിയെ സർവ്വീസിൽ നിന്നു നീക്കം ചെയ്യുന്നത് സംബന്ധിച്ച്.**

ശ്രീ.കെ.സുലൈമാൻകുട്ടിക്കെതിരെ പിരിച്ചുവിടൽ നടപടികൾ സ്വീകരിച്ചു.

പ്രസിഡൻ്റ് മാനേജിംഗ് ഡയറക്ടർ.